**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1506 — 07.06.2018- ൽ മറുപടിയ്ക്ക്

## മലപ്പുറം ഗവ. വനിതാ കോളേജിനുള്ള സ്ഥലമെടുപ്പ്

ചോദ്യം

**ശ്രീ.പി.ഉബൈദുള്ള**

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) മലപ്പുറം ഗവ. വനിതാ കോളേജിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;<br><br>(ബി) വ്യവസായ വളർച്ചാ കേന്ദ്രത്തിൽ കോളേജിന് സ്വന്തമായി അനുവദിച്ച 5 ഏക്കർ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(സി) ഭൂമി കൈമാറ്റത്തിൽ ഇനിയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുള്ളത്; എന്നത്തേക്ക് കൈമാറാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ? | എ) ബി) & സി) മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ പാണക്കാട് വില്ലേജിൽ 205/1, 205/2, 207/2 എന്നീ സർവ്വെ നമ്പരുകളിൽ കിടക്കുന്ന 5 ഏക്കർ ഭൂമി കൈമാറ്റത്തിനായി ജില്ലാ കളക്ടർ നൽകിയ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിരുന്നു. ഇക്കാര്യം പരിശോധിച്ചതിൽ KSIDC യുടെ ഇൻഡസ്ട്രീസ് ഗ്രോത്ത് സെന്റർ സ്ഥാപിക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള 251 ഏക്കറിൽ നിന്നും 243.79 ഏക്കർ ഭൂമി INKID ന് 90 വർഷം പാട്ടത്തിന് നൽകിയിരുന്നു എന്നും ടി ഭൂമിയിൽ നിന്നും 25 ഏക്കർ ഭൂമി മലബാർ കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനും 5 ഏക്കർ ഭൂമി ഗവ.വനിതാ കോളേജ് സ്ഥാപിക്കുന്നതിനും വിട്ടു നൽകുവാൻ 3/2/16-ലെ ജി.ഒ (ആർ.ടി) 132/16/ID പ്രകാരം ഉത്തരവായിട്ടുണ്ട് എന്ന് വ്യക്തമായിരുന്നു. റവന്യൂ ഭൂമിയുടെ കൈമാറ്റം, കൈവശാവകാശം, ഭൂമി പതിവ് എന്നിവ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ് എന്നതിനാൽ 3/2/16 ലെ സർക്കാർ ഉത്തരവ് വ്യവസായ വകുപ്പിന്റെ സമ്മതമായി കണക്കാക്കികൊണ്ട് മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് ഭൂമി അനുവദിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നതും ഇത് സംബന്ധിച്ച 107/L1/17/റവ നമ്പർ ഫയലിൽ ധനകാര്യ വകുപ്പിന്റെ സമ്മതം 9/5/2018 ന് ആരാഞ്ഞിരിക്കുകയുമാണ്. ധനകാര്യ വകുപ്പിന്റെ സമ്മതം ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിച്ച് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**